## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.2002 16-08-2017-ലെ മറുപടിക്ക്

**ചോദ്യം**

ശ്രീ.സി.കെ. ഹരീന്ദ്രൻ

**ഉത്തരം**

ഡോ.ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**ബാങ്കുകളുടെ ലയനം**

| | | |
|---|---|---|
| (എ) | കേരളത്തിന്റെ തനത് നാഷണലൈസ്ഡ് ബാങ്കായ എസ്.ബി.ടി-യെ എസ്.ബി. ഐ-യിൽ ലയിപ്പിച്ചതിനു പുറമേ ഷെഡ്യൂൾഡ് ബാങ്കായ കാത്തലിക് സിറിയൻ ബാങ്ക്, ധനലക്ഷ്മി, സൗത്ത് ഇന്ത്യൻ, ഫെഡറൽ ബാങ്കുകളെയും ലയിപ്പിക്കുന്നതായുള്ള വിഷയത്തിൽ സർക്കാരിന് എന്തുചെയ്യാനാകും ; | 1934 ലെ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ നിയമത്തിലെ ഷെഡ്യൂൾ II ൽ ഉൾപ്പെട്ടിട്ടുള്ള ഷെഡ്യൂൾഡ് ബാങ്കുകളുടെ പ്രവർത്തനം സംസ്ഥാന സർക്കാരുകളുടെ അധികാര പരിധിയിൽ വരുന്ന വിഷയമല്ല. അതുകൊണ്ട് തന്നെ ബാങ്കുകളുടെ ലയനം സംബന്ധിച്ച കാര്യത്തിൽ ഇടപെടുന്നതിന് സംസ്ഥാനത്തിന് വളരെയധികം പരിമിതികളുണ്ട്. എന്നാൽ കേരളത്തിൽ പ്രവർത്തിച്ച വരുന്ന സ്വകാര്യ ഷെഡ്യൂൾഡ് ബാങ്കുകളുടെ ലയനം സംബന്ധിച്ച വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളെ കൂട്ടിയോജിപ്പിച്ച് ഒരു കേരള ബാങ്ക് എന്ന ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനം മുന്നോട്ടുനീങ്ങുന്നുണ്ട്. |
| (ബി) | സംസ്ഥാനത്തെ ജനങ്ങളെ ബാങ്കിംഗ് മേഖലയുമായി അടുപ്പിച്ചു നിറുത്തുന്ന പ്രസ്തുത ബാങ്കുകളുടെ ലയനത്തെ ചെറുത്ത് തൻമൂലമുണ്ടാകുന്ന സാമൂഹി കാഘാതം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ